**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2946** **25-06-2024 - ൽ മറുപടിയ്ക്ക്**

**തവനൂർ മണ്ഡലത്തിലെ കൂട്ടായി ആർ. സി. ബി. യുടെ പുനരുദ്ധാരണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തവനൂർ മണ്ഡലത്തിലെ കൂട്ടായി ആർ. സി. ബി. യുടെ പുനരുദ്ധാരണ പ്രവൃത്തിക്കായി റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ടുത്തി തുക അനുവദിച്ചിരുന്നോ; | (എ) | റീ ബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പട്ടുത്തി കൂട്ടായി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി 2.30 കോടിയുടെ സിവിൽ പ്രവൃത്തികൾക്കും 6.74 കോടിയുടെ മെക്കാനിക്കൽ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര രൂപയാണ് അനുവദിച്ചിരുന്നതെന്നും പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും എന്നത്തേക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (ബി) | റീ ബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പട്ടുത്തി കൂട്ടായി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി " RKI - Repair and rehabilitation of Koottayi RCB across Tirur Ponnani puzha in Mangalam GP in Malappurram Dist. 2.30 കോടിയുടെ സിവിൽ പ്രവൃത്തികൾക്കും, 6.74 കോടിയുടെ മെക്കാനിക്കൽ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കേ പുഴയ്ക്ക് ആഴക്കൂടുതലും സ്ട്രക്ചറിന് കേടുപാടുകളും കണ്ടെത്തിയതിനാൽ പ്രവൃത്തി നിർത്തിവെക്കുകയും ചീഫ് എഞ്ചിനീയർ, IDRB യുടെ നേതൃത്വത്തിൽ സ്ട്രക്ചറിന്റെ കേടുപാടുകൾ വിശദമായി പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി പര്യവേഷണ പ്രവൃത്തി KERI മുഖേന നടത്തുന്നതിന് 21/12/2022-ന് ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. പ്രസ്തുത പഠനപ്രവൃത്തിയുടെ റിപ്പോർട്ട് ലഭ്യമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനിടെ, പാലത്തിന്റെ പിയറുകൾക്ക് സെറ്റിൽമെന്റും ബീമുകൾക്ക് വിള്ളലും കണ്ടെത്തി. തുടർന്ന് 29/11/2023-ന് ചേർന്ന യോഗതീരുമാന പ്രകാരം പ്രസ്തുത പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾ കാണുന്നതിനായി വിദഗ്ദ്ധ കമ്മിറ്റിയെ സർക്കാരിൽ നിയമിച്ചിട്ടുണ്ട്. വിദഗ്ദകമ്മറ്റി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ഏറ്റെടുക്കുന്നതോടെ |

| | | | |
|---|---|---|---|
| | | | ആർ.സി.ബി-യുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ